

# അകം പുറം

ഡോ.ഇന്ദുലാൽ ജി.

രാത്രിയിലെ കശാപ്പും കഴിഞ്ഞ്
ഒരു പോള കണ്ണടയ്ക്കാൻ സമയം കിട്ടിയില്ല
ഇന്നീ ദിനം ചെയ്യേണ്ട ഉത്തരവാദ ജോലിയോർത്ത്
ഉറങ്ങാനുമായില്ല

കൊല്ലപ്പെട്ടവന്റെ പേരിൽ ഇന്നു നടത്തേണ്ട
നാടകങ്ങൾ എല്ലാം ഭംഗിയാവുമോ എന്തോ?
അവന്റെ അമ്മയെക്കാണുമ്പോൾ കൈ പിടിച്ച് വിതുമ്പണോ അതോ
കെട്ടിപ്പിടിച്ചങ്ങ് പൊട്ടിക്കരയണോ?
അനിയൻ പയ്യനൊരു ജോലി വാഗ്ദാനം കൊടുത്തേക്കാം,
വാഗ്ദാനങ്ങൾ പാലിക്കാനുള്ളതല്ലല്ലോ!
അച്ഛനൊരു പെൻഷനും പറഞ്ഞേക്കാം
പെങ്ങൾക്ക് പതിനേഴാകുന്നതേയുള്ളൂ
അവളുടെ മാതളംതോൽക്കുമുടൽ
അതു മാത്രമാണൊരു ശുഭപ്രതീക്ഷ.

അതിനൊക്കെ ഇനിയും സമയമുണ്ടല്ലോ
ഇന്നത്തെ പകലൊന്നു കൊഴുപ്പിച്ചെടുക്കണം
ഇതുപോലെ നല്ലവരാരാനുമുണ്ടെങ്കിൽ
അടുത്ത തെരഞ്ഞെടുപ്പു കാലത്തേക്കും
ഒരു കത്തി മൂർച്ച കൂട്ടി വയ്ക്കണം
കിടത്തിയ അവന്റെ ശരീരത്തിൽ
പുഷ്പാർച്ചന നടത്തുമ്പോൾ
കണ്ണുകൾ നിറയുന്ന അഭിനയരീതി
നന്നായി പഠിക്കണം
ജോലികളേറെയുണ്ട്, വെറുതെ ഇരുന്നെന്നാൽ
എങ്ങനും ഒരു നല്ല നേതാവാകാനാമോ?

എന്നാലും ഇന്നാ അമ്മയെ കാണുമ്പോൾ
അവർ ചില നശിച്ച ചോദ്യങ്ങൾ ചോദിച്ചേക്കാം
എന്മകനെപ്പോലെയായിരുന്ന നിനക്ക്
നിന്റെ സർവ്വസ്വമായവനെ രക്ഷിക്കാൻ കഴിഞ്ഞില്ലേയെന്ന് !
ഇന്നലെ ജീവന്റെ ജീവനായവന്റെ നേരേ കത്തി പായിച്ചപ്പോൾ
അവന്റെ കണ്ണിൽ തെളിഞ്ഞ നീരിനോ
വിശ്വാസ വഞ്ചനയുടെ ഞെട്ടലിനോ
എന്നെ തളർത്താനായില്ല, പിന്നെയല്ലേ
അമ്മതൻ ചോദ്യവും അച്ഛന്റെ കരച്ചിലും !